# 12

# ധനികമായിരുന്ന ദരിദ്രസഭ

## (2:8–11)

ഏഴ് സഭകൾക്കുള്ള എഴുത്തുകളെ നാം ആദ്യം നോക്കിയപ്പോൾ, ഒരു നിയമമായി ഏഴ് പിരിവുകളുള്ളതായി നാം കണ്ടു: (1) ഒരു വന്ദനം, (2) യേശുവിനെ കുറിച്ചുള്ള ഒരു വിവരണം, (3) സഭയെ മൊത്തത്തിൽ അഭിനന്ദിക്കൽ, (4) സഭയെ മൊത്തത്തിൽ കുറ്റം വിധിക്കൽ, (5) മുന്നറിയിപ്പും, ഭീഷണിയും, (6) ഒരു പ്രബോധനം, (7) ഒരു വാഗ്ദാനം. നാം രണ്ടാമത്തെ എഴുത്തിലേക്ക് കടന്നിട്ടേയുള്ളു, നമുക്ക് ഒരു ഒഴികഴിവ് വന്നുകഴിഞ്ഞു: സ്മുർന്ന സഭയെ കുറ്റം വിധിക്കാത്തതുകൊണ്ട്, മുന്നറിയിപ്പും ഭീഷണിയുമില്ല. മറ്റൊരു ഇടവകയെയും കുറ്റം വിധിക്കുന്നില്ല: അതു ഫിലദെൽഫിയസഭയാണ്.

അതിനർത്ഥം ആ രണ്ടു സഭകളും പൂർണ്ണമായിരുന്നു എന്നല്ല. മനുഷ്യരുള്ള ഇടവകയായിരുന്നു - ഒരു മനുഷ്യനും പൂർണ്ണനല്ല (റോമർ 3:23; യാക്കൊബ് 3:2; 1 യോഹന്നാൻ 1:8). കുറ്റപ്പെടുത്തുന്നില്ല എന്നു പറയുമ്പോൾ, എങ്ങനെയായാലും, മിക്കക്രിസ്ത്യാനികളും (എല്ലാവരും അല്ലെങ്കിൽ) തങ്ങളുടെ ക്രിസ്തീയ ജീവിതം ഗൗരവമുള്ളതായി കണ്ട് മൊത്തത്തിൽ, ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ടാണിരുന്നത്. 1 യോഹന്നാൻ 1:7 ലെ വാക്ക് ഉപയോഗിച്ചാൽ, ആ രണ്ട് ഇടവകകളും "വെളിച്ചത്തിൽ നടക്കുന്ന" ക്രിസ്ത്യാനികളാൽ നിബിഡമായിരുന്നു.

അതിൽ ഞാൻ വിസ്മയിക്കുന്നു. ഞാൻ അംഗമായി പ്രവർത്തിക്കുന്ന, അർക്കൻസാസിലെ, ജുഡ്സോനിയ ഇടവകയിൽ ഞാൻ അഭിമാനിക്കുന്നു. അംഗങ്ങളിൽ വളരെ ഉയർന്ന ശതമാനം പേരും ദൈവേഷ്ടപ്രകാരം ദൈവത്തെ സേവിച്ചുവരുന്നു - ഒരുപക്ഷെ ഞാൻ ബന്ധപ്പെട്ടിട്ടുള്ള ഇടവകകളിൽ വെച്ച് ഏറ്റവും ഉയർന്ന ശതമാനം എന്നു തന്നെ പറയാം. എന്നിരുന്നാലും അംഗങ്ങൾ 100 ശതമാനം പേരും അത്രക്ക് സമർപ്പിക്കപ്പെട്ടവരെന്ന് പറയുവാൻ സാധ്യമല്ല.[1] അപ്പോൾ "മറ്റുള്ളവർക്ക് ഇല്ലാതിരുന്ന എന്താണ് സ്മുർന്നക്കും ഫിലദെൽഫിയക്കും ഉണ്ടായിരുന്നത്?" എന്ന് ചോദിക്കുവാൻ ഞാൻ നിർബ്ബന്ധിതനാകുന്നു.

ആ ചോദ്യം മനസിൽ വെച്ചുകൊണ്ട്, സ്മുർന്നക്കും (2:8–11) ഫിലദെൽഫിയക്കും എഴുതിയ (3:7–13) എഴുത്തുകളും തമ്മിൽ താരതമ്യം ചെയ്യുക. സ്മുർന്നയിലും ഫിലദെൽഫിയയിലും കർത്താവ് കുറ്റപ്പെടുത്താതിരിപ്പാൻ, പൊതുവായി ഉണ്ടായിരുന്നതെന്താണ്? ആ ചോദ്യത്തിനുള്ള ഉത്തരമായിരിക്കും ഈ അവതരണത്തിലെ പാഠങ്ങളിൽ മുഖ്യമായത്.

എഴുത്തുകളിൽ വെച്ച് ഏറ്റവും ചെറുതാണ് സ്മുർന്നക്ക് എഴുതിയ എഴുത്ത്, എന്നാൽ അതിൽ ഏറ്റവും ശക്തമായ സന്ദേശങ്ങൾ അടങ്ങിയിരിക്കുന്നു.

**സഭ (2:8)**

എഴുത്ത് തുടങ്ങുന്നു, "സ്മുർന്നയിലെ സഭയുടെ ദൂതന്ന് എഴുതുക ..." (വാ. 8).

**പട്ടണം**

എഫെസൊസ് പട്ടണത്തിന് വടക്ക് ഏതാണ്ട് നാൽപതു മൈൽ ദൂരെയാണ് എഫെസൊസിന്റെ[2] രണ്ട് എതിരാളികളായിരുന്ന രണ്ടു പട്ടണങ്ങളിൽ ഒന്നായ സ്മുർന്ന സ്ഥിതി ചെയ്തിരുന്നത്. (എതിരാളിയായിരുന്ന മറ്റൊരു പട്ടണം പെർഗമൊസ് ആയിരുന്നു.) സ്മുർന്ന ഒരു തുറമുഖവും വ്യാപാരപട്ടണവുമായിരുന്നു, അവിടെ ചെറുതാണെങ്കിലും, ശക്തമായ ക്രിസ്ത്യാനികൾക്കെതിരായ യെഹൂദജനങ്ങൾ തിങ്ങിപ്പാർത്തിരുന്ന പട്ടണമായിരുന്നു.[3] അവരുടെ നാണയത്തിന്മേൽ "സൗന്ദര്യത്തിലും ആകൃതിയിലും ആസ്യയിൽ ഒന്നാമത്തേത്" എന്ന് ആലേഖനം ചെയ്തിരുന്ന സൗന്ദര്യത്തിന് പേരുകേട്ട ഒരു പട്ടണമായിരുന്നു. അതിനുണ്ടായിരുന്ന മനോഹരമായ ആകാശവിതാനം നിമിത്തം അതിനെ "കിരീടപട്ടണം" എന്നും വിളിച്ചിരുന്നു. മലകളാൽ ചുറ്റപ്പെട്ട പട്ടണത്തിൽ അവിടവിടെയായി സംസ്ഥാനത്തിന്റെ പൊതുമേഖലാ കെട്ടിടങ്ങളും ഉയർന്ന് നിന്നിരുന്നു.

ധാരാളം ക്ഷേത്രങ്ങൾ സ്മുർന്നയിലുണ്ടായിരുന്നു, വീഞ്ഞിന്റെ ദേവൻ എന്നറിയപ്പെട്ടിരുന്ന അന്യദേവനെ നമസ്കരിച്ചിരുന്ന ഡയോനീസസിന്റെ ക്ഷേത്രവും അതിൽ ഉൾപ്പെട്ടിരുന്നു. (ഡയോനീസസിന്റെ ആഘോഷത്തിനിടയിൽ നടക്കുവാനിടയുള്ള ഭോഗാസക്തമായ പ്രവൃത്തികൾ നിങ്ങൾക്ക് ഊഹിക്കാവുന്നതാണ്.) ഡയോനീസസിന്റെ ആഘോഷവേളകളിൽ അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ പുരോഹിതന്മാർ മരണം, അടക്കം, ഉയിർപ്പ് എന്നിവയുടെ അവലക്ഷണങ്ങൾ കാണിച്ച്, വസന്തകാലത്തിൽ, ജീവിതം പുതുക്കുന്നതിനുവേണ്ടി ആഘോഷിക്കുമായിരുന്നു. അതിലെ ഔദ്യോഗിക പുരോഹിതന്മാരെ കിരീടമണിയിക്കയും ചെയ്തിരുന്നു.

സ്മുർന്നയിലുണ്ടായിരുന്നവർ തല്പരരായ റോമാക്കാരായിരുന്നു. ബി.സി., 195 ആരംഭത്തോടെ, റോമാ ദേവതക്കായി ഒരു ക്ഷേത്രം പണിതു. നൂറു വർഷങ്ങൾക്ക് ശേഷം, റോമാ സൈന്യത്തിന് ശൈത്യകാലത്ത് ധരിക്കുവാൻ കമ്പിളി വസ്ത്രം കുറവായപ്പോൾ, സ്മുർന്നയിലെ പൗരന്മാരുടെ വസ്ത്രത്തിന്റെ പുറകുവശം കീറി സൈന്യത്തിലേക്ക് അയച്ചു. എ.ഡി. 26–ൽ എഫെസൊസിന്മേലും പെർഗമൊസിന്മേലും വെച്ച് റോമൻ സെനറ്റ് തിബര്യാസ് ചക്രവർത്തിയെ ആരാധിക്കുവാനായി ഒരു പുതിയ ക്ഷേത്രം പണിയുവാൻ സ്മുർന്ന തിരഞ്ഞെടുത്തു.

ഇന്ന് സ്മുർന്ന അറിയപ്പെടുന്നത് ഇസ്മിർ എന്ന പേരിലാണ്, അത് ഒരു പ്രധാനപട്ടണമായി നിലനിൽക്കുകയും ചെയ്യുന്നു.[4] തുർക്കിയുടെ പടിഞ്ഞാറെ തീരത്തുള്ള ഇസ്മിർ ഏതാണ്ട് രണ്ട് ദശലക്ഷം ആളുകളുള്ള ഒരു മുഖ്യമായ തുറമുഖ പട്ടണമാണ്. ഒരു സന്ദർശകസംഘത്തോടൊപ്പം, ആസ്യയിലെ ഏഴ് സഭകളുണ്ടായിരുന്ന സ്ഥലങ്ങൾ ഞാൻ സന്ദർശിക്കുവാൻ പോയപ്പോൾ, ഞങ്ങളുടെ ഓപ്പറേഷന്റെ പ്രഭവസ്ഥലം ഇസ്മിർ ആയിരുന്നു. ആ സ്ഥലത്ത് ഭൂഗർഭഗവേഷണം പരിമിതമായിരുന്നു, കാരണം പുരാതനനാശാവശിഷ്ടങ്ങളിന്മേലായിരുന്നു പുതിയ പട്ടണം പണിതിരിക്കുന്നത്. എങ്ങനെയായാലും, പഴയ റോമൻ നീർച്ചാലുകളും, പുരാതന അഗോരാ (ചന്തസ്ഥലം) യും കണ്ടെടുത്ത തെളിവായിട്ടുണ്ടായിരുന്നു.[5] അഗോരായിൽ, വലിയ താമ്രം

കൊണ്ട് സ്മുർന്ന സഭയ്ക്ക് എഴുതിയ എഴുത്ത് ആലേഖനം ചെയ്തിരുന്നത് മുസ്ലിം രാജ്യമായ തുർക്കിയിൽ ഒരു സ്മാരകമായി നിലനിർത്തിയിരിക്കുന്നത് ഒരു അസാധാരണ സംഭവം തന്നെയാണ്.

**ഇടവക**

സ്മുർന്ന പട്ടണത്തെ കുറിച്ച് നമുക്ക് വളരെ കാര്യങ്ങൾ അറിയാം, പക്ഷെ അവിടെ ഉണ്ടായിരുന്ന സഭയെ കുറിച്ച് പരിമിതമായ അറിവേ നമുക്ക് ഉള്ളു. പൗലൊസ് എഫെസൊസിലായിരുന്നപ്പോഴായിരിക്കാം ഒരുപക്ഷെ അവിടെ ഇടവക സ്ഥാപിച്ചത് (പ്രവൃത്തികൾ 19:10). സ്മുർന്നയിലെ ക്രിസ്ത്യാനികളുടെ അദ്ധ്യക്ഷനായിരുന്നു യോഹന്നാന്റെ ശിഷ്യനായിരുന്ന പോളികാർപ് എന്ന് ദൈവശ്വാസിയമല്ലാത്ത പ്രാരംഭ എഴുത്തുകൾ വെളിപ്പെടുത്തുന്നു.[6]

## ക്രിസ്തു (2:8)

വന്ദനത്തിന് ശേഷം, എഴുത്തിൽ യേശുവിനെ കുറിച്ചുള്ള വിവരണമാണ്: "മരിച്ചവനായിരുന്നു വീണ്ടും ജീവിക്കയും, ആദ്യനും അന്ത്യനും ആയവൻ, ..." (വാ. 8). അദ്ധ്യായം 1–ൽ "മനുഷ്യപുത്രനോട് സദൃശനായവനെ" (1:13) യോഹന്നാൻ കണ്ടപ്പോൾ "മരിച്ചവനെ പോലെ അവന്റെ കാൽക്കൽ വീണു" (1:17). അപ്പോൾ യേശു തന്റെ വലങ്കൈ അവന്മേൽ വെച്ച് പറഞ്ഞു, "ഭയപ്പെടേണ്ട, ഞാൻ ആദ്യനും അന്ത്യനും, ജീവനുള്ളവനുമാകുന്നു. ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ, എന്നേക്കും ജീവിച്ചിരിക്കുന്നു, മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവശം ഉണ്ട്" (1:17, 18).

ആ എഴുത്ത് അഭിസംബോധന ചെയ്ത ഇടവകക്ക് അദ്ധ്യായം 1 ലെ ദർശനത്തിലെ ഭാഗം വളരെ അനിവാര്യമായിരുന്നു. സ്മുർന്നയിലെ സഭ "യേശു മരിച്ചവനായിരുന്നു, എന്നാൽ എന്നേക്കും ജീവിച്ചിരിക്കുന്നു" എന്ന സന്ദേശം കേൾക്കേണ്ടതിന്റെ ആവശ്യമെന്തായിരുന്നു? വാക്യം 9–ൽ യേശു പറഞ്ഞു, "ഞാൻ നിന്റെ *കഷ്ടത* അറിയുന്നു." (എംഫസിസ് മൈൻ.) വാക്യം 10–ൽ അവൻ പറഞ്ഞു, "നീ സഹിപ്പാനുള്ളത് *പേടിക്കേണ്ട*." (എംഫസിസ് മൈൻ.) *കഷ്ടപ്പെട്ടുകൊണ്ടിരുന്ന* സഭയ്ക്കാണ് യേശു എഴുതുന്നത്, "ഞാൻ ആദ്യനും അന്ത്യനും ജീവിച്ചിരിക്കുന്നവനുമാണ്."

**ഇരിക്കുന്നവൻ**

"ആദ്യനും അന്ത്യനും" എന്ന പദപ്രയോഗം (വാക്യം 8) യേശുവിന്റെ ദൈവികത്വത്തെ പ്രകടിപ്പിച്ചതും റോമാക്കാർ രംഗം വിട്ടശേഷം കർത്താവ് സന്നിഹിതനാകും എന്നതും ക്രിസ്ത്യാനികൾക്ക് മതിപ്പുളവാക്കുകതന്നെ ചെയ്യും. നിയന്ത്രിക്കുന്നത് റോമല്ല, ക്രിസ്തുവാണ്.

**ഉയർത്തെഴുന്നേറ്റവൻ**

''മരിച്ചവൻ ജീവിച്ചിരിക്കുന്നു'' എന്ന വാക്കുകൾ സ്മുർന്നയിലെ ക്രിസ്ത്യാനികൾക്ക് പ്രത്യേക പ്രാധാന്യമുള്ളവയായിരുന്നു (വാ. 8). മൂലഗ്രന്ഥത്തിലെ ഗ്രീക്ക് വാക്കിൽ ഈ പ്രത്യേക ഊന്നലുണ്ടെന്ന് ഗ്രീക്ക് പണ്ഡിതന്മാരിൽനിന്നു നാം മനസിലാക്കുന്നു: "ഞാൻ *വാസ്തവത്തിൽ* മരിച്ചവനായിരുന്നു, ആ ഞാൻ *വാസ്തവത്തിൽ* ഇപ്പോൾ ജീവിച്ചിരിക്കുന്നു."

തങ്ങളുടെ പ്രകൃതി ദേവനെ പ്രീതിപ്പെടുത്തുവാൻ അന്യദേവന്മാരെ വണങ്ങിയിരുന്ന അവരുടെ പുരോഹിതന്മാർ മരണം, അടക്കം, ഉയർപ്പ് എന്നിവയെ അവലക്ഷണമായി ആഘോഷിച്ചിരുന്നു, പക്ഷെ വാസ്തവത്തിൽ മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റത് യേശുവായിരുന്നു!

വിശ്വാസത്തിനുവേണ്ടി അവർ മരിക്കേണ്ടി വന്നാലും, മരണത്തിന്മേലും പാതാളത്തിന്മേലും അധികാരം തനിക്കാണുള്ളതെന്ന്, സ്മുർന്നയിലെ ക്രിസ്ത്യാനികൾ മനസിലാക്കുവാൻ യേശു ആഗ്രഹിച്ചു (1:18 നോക്കുക). മനുഷ്യർ അവരെ എന്തെല്ലാം ചെയ്താലും, അതിനെ ഒന്നുമല്ലാതാക്കുവാൻ അവന് ശക്തിയുണ്ട്.

### പുകഴ്ത്തൽ (2:9, 10)

ആ ചെറിയ ലേഖനത്തിന്റെ ഹൃദയഭാഗമായ, പുകഴ്ത്തലിലേക്കാണ് നാം ഇപ്പോൾ വന്നിരിക്കുന്നത്. യേശുവിന്റെ അംഗീകാരവാക്കുകൾ തുടങ്ങി, “നിന്റെ കഷ്ടത ഞാൻ അറിയുന്നു” (വാ. 9).[7] ഗ്രീക്ക് വാക്കിൽനിന്ന് തർജിമ ചെയ്ത “കഷ്ടത” എന്ന വാക്കിന്റെ അർത്ഥം, ഒരു വലിയ പാറയുടെ അടിയിലെന്തായിരുന്നാലും അതിനെ ഉടക്കുന്നവിധം “ഒന്നിച്ച് മെതിക്കുക,” അല്ലെങ്കിൽ “താഴേക്ക് മെതിക്കുക.” റോമാക്കാർ കോതമ്പ് ആട്ടുന്നതിന് ഉപയോഗിച്ചിരുന്ന വലിയ മൈൽകുറ്റികളാണ് ഓർമ്മയിൽ വരുന്നത് (മത്തായി 18:6) അല്ലെങ്കിൽ ഒലിവ് ആട്ടുന്നതിന് ഉപയോഗിച്ചിരുന്ന വലിയ റോളറുകളാണ് ഓർമ്മയിലെത്തുന്നത്. സ്മുർന്നയിലെ ക്രിസ്ത്യാനികൾ നിരന്തരമായ തീവ്രസമ്മർദ്ദത്തിലായിരുന്നു. അവരുടെ ജീവിതം അവരിൽനിന്ന് പിഴിഞ്ഞെടുത്തുകൊണ്ടാണിരുന്നത്.

ഫലത്തിൽ യേശു പറഞ്ഞു, “നിങ്ങൾ അനുഭവിക്കുന്ന ഞെരുക്കം എനിക്ക് മനസിലാക്കാം, നിങ്ങൾ ഉപദ്രവിക്കപ്പെടുന്നതും, നിങ്ങൾ ദുഷിക്കപ്പെടുന്നതും, ഞാൻ അറിയുന്നു. നിങ്ങളിൽ ചിലർ കുടുംബങ്ങളിൽനിന്ന് അടർത്തിമാറ്റപ്പെട്ടിരിക്കുന്നു, വേറെ ചിലരുടെ ജോലി നഷ്ടപ്പെട്ടിരിക്കുന്നു, മക്കൾ പട്ടിണി കിടക്കുന്നു. പലരേയും തടവിലാക്കുകയും ചിലർ കൊല്ലപ്പെടുകയും ചെയ്യും. അത് പ്രയാസം തന്നെ എന്നെനിക്ക് അറിയാം!”

എല്ലാ എഴുത്തുകളിലും, “അറിയുക” എന്ന വാക്ക് സാധാരണ അറിയലിനെ അല്ല സൂചിപ്പിക്കുന്നത്, പക്ഷെ മനസിലാക്കലിനെയാണ്. താഴേക്ക് മെതിക്കുക എന്നാൽ എന്താണെന്ന് യേശുവിന് മനസിലാക്കുവാൻ കഴിയും. ഗദ്ശെമനാ തോട്ടത്തിൽ വെച്ച് (“ഗദ്ശെമന” എന്നാൽ “ഓയിൽ പ്രസ്” എന്നാണ്), അവന്റെ ആത്മാവിലേക്കും മനസിലേക്കും അലിവില്ലാത്ത സമ്മർദ്ദം ആണ്ടിറങ്ങിയപ്പോൾ അവൻ നിലവിളിച്ചു, “പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്ന് നീക്കേണമേ” (ലൂക്കൊസ് 22:42)!

നിങ്ങളും ഞാനും കഷ്ടത അനുഭവിക്കുന്നതും, നാം സമ്മർദ്ദം കൊണ്ട് വീർപ്പുമുട്ടുന്നതും യേശുവിന് അറിയാം. അവൻ അറിയുകയും മനസിലാക്കുകയും ചെയ്യും (എബ്രായർ 4:15).

ആ “താഴേക്ക് മെതിക്കൽ” പല രൂപത്തിലും വരാം. സ്മുർന്നയിൽ അത് രണ്ട് വിധത്തിലായിരുന്നു.

#### ദരിദ്രമാണ് (എന്നാൽ ധനികവുമാണ്)

ആ ക്രിസ്ത്യാനികൾ ദരിദ്രരായിരുന്നു. യേശു പറഞ്ഞു, “ഞാൻ നി

ന്റെ ... ദാരിദ്ര്യം അറിയുന്നു"[8] (വാ. 9). ചിലർ ക്രിസ്ത്യാനികളായപ്പോൾ ദരിദ്രരായിതീർന്നവരായിരിക്കാം (1 കൊരിന്ത്യർ 1:26-29). സുവിശേഷം അനുസരിച്ചപ്പോൾ സ്വത്തുണ്ടായിരുന്നവർക്ക്, സാമ്പത്തികസമ്മർദ്ദത്താൽ അവയെല്ലാം നഷ്ടമായി കാണും.[9] യേശു ദാരിദ്ര്യത്തെ അറിഞ്ഞിരുന്നു: "അവൻ നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്നു" (2 കൊരിന്ത്യർ 8:9).

യേശു പിന്നെ ഇടക്ക് ചേർത്ത പ്രസ്താവനയിൽ പറഞ്ഞു, "എന്നാൽ നീ ധനവാനാകുന്നു" (വാ. 9). അവർ സ്വയം ദുഃഖിക്കേണ്ടവരായിരുന്നില്ല, കാരണം കാര്യപ്രസക്തമായവയിൽ അവർ സമ്പന്നരായിരുന്നു. "നിങ്ങളുടെ കുടുംബം ഒരുപക്ഷെ നിങ്ങൾക്ക് എതിരായിതീർന്നേക്കാം, എന്നാൽ നിങ്ങൾക്ക് ഇപ്പോൾ ദൈവഭവനമുണ്ട്. നിങ്ങൾക്ക് ജോലി നഷ്ടപ്പെട്ടിരിക്കാം, പക്ഷെ നിങ്ങളെ വിളിച്ചിരിക്കുന്നത് ഏറ്റവും മുഖ്യമായ ജോലിക്കാണ്. നിങ്ങളുടെ പുറം വസ്ത്രം കീറിയിരിക്കാം, എന്നാൽ ഇപ്പോൾ നിങ്ങൾക്ക് ധരിക്കുവാൻ നീതിയുടെ വസ്ത്രമുണ്ട്. നിങ്ങളുടെ പോക്കറ്റുകൾ കാലിയായിരിക്കാം, പക്ഷെ നിങ്ങളുടെ ഹൃദയം നിറഞ്ഞിരിക്കയാണ്. നിങ്ങൾ ഉപദ്രവിക്കപ്പെട്ടിരിക്കാം, എന്നാൽ നിങ്ങൾ ദൈവമുൻപാകെ വിലയുള്ളവരായി കണക്കാക്കപ്പെട്ടിരിക്കുന്നതുകൊണ്ട് സന്തോഷിക്കാം.[10] നിങ്ങളുടെ ശരീരങ്ങൾ അപകടത്തിലായിരിക്കാം, എന്നാൽ നിങ്ങളുടെ ആത്മാക്കൾ സുരക്ഷിതമാണ്. ഭൂമിയിൽ നിങ്ങളുടെ പേർ ദുഷിക്കപ്പെട്ടിരിക്കാം, എന്നാൽ സ്വർഗത്തിൽ വെള്ള സിംഹാസനത്തിനുചുറ്റും നിങ്ങളുടെ പേർ ആദരിക്കപ്പെട്ട് സംസാരിക്കും. മനുഷ്യർ നിങ്ങൾക്ക് എതിരായിരിക്കാം, പക്ഷെ ദൈവം നിങ്ങളോടൊപ്പമുണ്ട്!" എന്ന് യേശു അവരോട് പറയുന്നത് എനിക്ക് ഊഹിക്കാം. "ദൈവം നിങ്ങൾക്ക് അനുകൂലമെങ്കിൽ, പ്രതികൂലം ആർ?" (റോമർ 8:31).

അവർ ആത്മിയമായി സമ്പന്നരാണെന്ന് യേശു അവരെ ഓർപ്പിക്കുവാൻ ആഗ്രഹിച്ചു.[11] അവരുടെ കഴിഞ്ഞ പാപങ്ങൾ അവർക്ക് മോചിച്ചു കിട്ടുകയും (റോമർ 3:25), പരിശുദ്ധാത്മാവ് ദാനമായി ലഭിക്കയും ചെയ്തിരുന്നു (പ്രവൃത്തികൾ 2:38). യേശു അവരുടെ മദ്ധ്യസ്ഥനും (1 തിമൊഥെയൊസ് 2:5), ദൈവം അവരുടെ പിതാവുമായി തീർന്നിരുന്നു (റോമർ 1:7). അവർ ദൈവഭവനത്തിലായതുകൊണ്ട് (എഫെസ്യർ 2:19), എപ്പോഴും ദൈവത്തോടു സമീപിക്കുകയും ചെയ്യാം (യാക്കൊബ് 5:13). ദൈവികസമാധാനവും അവർക്കുണ്ടായിരുന്നു (ഫിലിപ്പിയർ 4:7), അതോടൊപ്പം സഹിക്കുന്നവർക്ക് സന്തോഷവും ലഭിച്ചിരുന്നു (1 പത്രൊസ് 3:14; 4:14). അവരുടെ ഉള്ളിൽ സ്വർഗീയ പ്രത്യാശയുമുണ്ടായിരുന്നു (കൊലൊസ്യർ 1:5). അവരിൽ നിന്ന് എടുത്തുകളയുവാൻ പറ്റാത്ത സമൃദ്ധി സ്മുർന്നയിലെ ക്രിസ്ത്യാനികളിലുണ്ടായിരന്നു!

വാസ്തവത്തിലുള്ള സമ്പന്നത എന്തെന്ന് നാം മനസിലാക്കണം. ചിലർ പണവും സ്വത്തും സമ്പാദിക്കുന്ന തിരക്കിലാണ്, പക്ഷെ വാസ്തവത്തിൽ പ്രാധാന്യമുള്ളത് പണം കൊടുത്തു വാങ്ങുവാൻ പറ്റാത്തതാണ്. പണത്തിന് മരുന്നു വാങ്ങുവാൻ കഴിയും, പക്ഷെ അതിന് ആരോഗ്യം വാങ്ങുവാൻ സാധ്യമല്ല; പണത്തിന് സേവനം വാങ്ങാം, പക്ഷെ പണത്തിന് സ്നേഹിതരെ വാങ്ങുവാൻ സാധ്യമല്ല. പണം കൊടുത്തു വിനോദം വാങ്ങുവാൻ കഴിയും, എന്നാൽ അതിന് സന്തോഷം വാങ്ങുവാൻ കഴിയുകയില്ല. എബ്രായ ലേഖകൻ പറഞ്ഞു, "നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ, ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ" (എബ്രായർ 13:5). യേശു അപേക്ഷിച്ചു, "പുഴുവും

തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ" (മത്തായി 6:20).

**ഉപദ്രവിക്കപ്പെട്ടു (എന്നാൽ ദൃഢനിശ്ചയമുള്ളവർ)**

ഉപദ്രവിക്കപ്പെട്ടതായിരുന്ന അവരുടെ രണ്ടാമത്തെ കഷ്ടത. റോമാ സാമ്രാജ്യത്തിലെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് സ്മുർന്നയിലെ വിശ്വസ്തമായ ക്രിസ്തീയ ജീവിതം ദുസ്സഹമായിരുന്നു. ഉപദ്രവമെന്ന വിഷയത്തെ കുറിച്ച് യേശു ഇങ്ങനെ പറഞ്ഞു: "തങ്ങൾ ... യെഹൂദന്മാർ എന്നു പറയുന്നെങ്കിലും, യെഹൂദന്മാരല്ല, സാത്താന്റെ പള്ളിക്കാരായവരുടെ ദൂഷണവും അറിയുന്നു"[12] (വാ. 9).

"തങ്ങൾ യെഹൂദന്മാരെന്നു പറയുന്നെങ്കിലും അല്ലാതിരിക്കുന്നവർ" എന്ന് യേശു പറഞ്ഞത് ആരെ കുറിച്ചാണ്? അത് യേശുവിനെ മശിഹയായി സ്വീകരിക്കാത്ത ജഡപ്രകാരമുള്ള യെഹൂദന്മാരാണ് അവർ, അതുകൊണ്ട് അവർ ദൈവത്തിന്റെ പദ്ധതിക്കും ഉദ്ദേശത്തിനും പുറത്തു തന്നെയാണ്.[13] പ ൗലൊസ് മുൻപ് എഴുതി:

> പുറമെ യെഹൂദനായവൻ യെഹൂദനല്ല, പുറമെ ജഡത്തിലുള്ളത് പരിച്ഛേദനയുമല്ല. അകമെ യെഹൂദനായവനത്രെ യെഹൂദൻ; അക്ഷരത്തിലല്ല, ആത്മാവിലുള്ള ഹൃദയപരിച്ഛേദനയത്രേ പരിച്ഛേദന. അവന് മനുഷ്യരാലല്ല, ദൈവത്താൽ തന്നെ പുകഴ്ച്ച ലഭിക്കും (റോമർ 2:28, 29; ആർഎസ്‌വി).

ആ അവിശ്വാസികളായ യെഹൂദന്മാരുടെ കൂടിവരവിനെ "സാത്താന്റെ പള്ളി" എന്നു വിളിച്ചിരുന്നു കാരണം അവർ ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാൻ സാത്താനെ[14] അനുവദിക്കുന്നവരായിരുന്നു.[15]

സ്മുർന്നക്ക് അനുഭവിക്കേണ്ടിവന്ന കഠിനമായ ഉപദ്രവം, യേശുവിനെ തിരായും പൗലൊസിനെതിരായും അഴിച്ചുവിട്ടു: *സ്വാധീനമുള്ള യെഹൂദന്മാർ* റോമൻ അധികാരികളെ ദുരുപയോഗം ചെയ്യിച്ചിരുന്നു. നിർണ്ണയിക്കപ്പെട്ട യെഹൂദന്മാർ *റോമൻ നാടുവാഴിയെ* സ്വാധീനിച്ചാണ് യേശുവിനെ ക്രൂശിൽ തറെച്ചത്. പൗലൊസിന് ഏറ്റവും കൂടുതൽ ഉപദ്രവം ഏൽക്കേണ്ടിവന്നത് യെഹൂദന്മാർക്ക് രാഷ്ട്രീയസ്വാധീനമുള്ള മേഖലകളിൽനിന്നായിരുന്നു.

സ്മുർന്നയിൽ ഉണ്ടായ ഉപദ്രവങ്ങളിൽ ഒന്ന് ദുഷിക്കലായിരുന്നു (വാ. 9). "ദൂഷണം" സൂചിപ്പിക്കുന്നത്, "മറ്റൊരാൾക്ക് മുറിവേൽക്കത്തക്കവണ്ണം അയാൾക്കെതിരെ ദോഷം സംസാരിക്കുക"[16] എന്നാണ്. ഇത്തരത്തിലായിരുന്നു യെഹൂദന്മാർ യേശുവിന്റെ നാമത്തെ ദുഷിച്ചിരുന്നത്. ഇത്തരത്തിലായിരുന്നേക്കാം യെഹൂദന്മാർ ക്രിസ്ത്യാനികളുടെ നാമത്തെയും ദുഷിച്ചിരുന്നത്. യെഹൂദന്മാർ യേശുവിനെ "മരത്തിന്മേൽ തൂങ്ങിയവൻ" എന്നാണ് വിളിച്ചിരുന്നത് (ഗലാത്യർ 3:13), ക്രിസ്ത്യാനികളെ അവർ പ രിഹസിക്കയും ചെയ്തിരുന്നു. ഏബിയിൽ "*നീ* എങ്ങനെ അവമാനി ക്കപ്പെടുകയും, അധിക്ഷേപിക്കപ്പെടുകയും, അപവാദം ഏൽക്കപ്പെടുകയും ചെയ്തു എന്ന് ... ഞാൻ *അറിയുന്നു*" (എംഫസിസ് മൈൻ). യെഹൂദന്മാർ അവമാനിച്ചതിൽ ക്രിസ്തുവും ക്രിസ്ത്യാനികളും ഉൾപ്പെട്ടിരിക്കാം. നിങ്ങളെ സംബന്ധിച്ച് എനിക്ക് അറിയില്ല, എന്നാൽ എന്നെ കുറിച്ച് ആളുകൾ മോശമാ

യി സംസാരിക്കുന്നത് എനിക്ക് ഇഷ്ടമല്ല!

യേശുവിനോടുള്ള യെഹൂദന്മാരുടെ അവമാനം, തുടർന്നുകൊണ്ടേയിരുന്നു: "നിങ്ങൾ സഹിപ്പാനുള്ളത് പേടിക്കേണ്ട, പരീക്ഷിക്കേണ്ടതിന് പിശാച് നിങ്ങളിൽ ചിലരെ തടവിലാക്കുവാൻ പോകുന്നു ..." (വാ. 10). ക്രിസ്ത്യാനികളെ പിടിച്ച് തടവിലാക്കുവാൻ റോമൻ അധികാരികളെ നിർബ്ബന്ധിച്ചത് ഒരുപക്ഷെ യെഹൂദന്മാരായിരുന്നേക്കാം, എന്നാൽ അത് ചെയ്യിക്കുന്നത് പിശാചാണ് എന്ന് യേശു പറയുന്നു. യെഹൂദന്മാർ യേശുവിന്റെ പ്രവൃത്തിയാണ് ചെയ്തത്.

തടവിനെ കുറിച്ച് യേശു പറഞ്ഞതുകൊണ്ട്, കഷ്ടതയുടെ ഉദ്ദേശം ഊന്നി പറയുകയാണ് ചെയ്തതു: "നിങ്ങളെ പരീക്ഷിക്കേണ്ടതിന്ന്" (വാ. 10)[17] ആരുടെ വിശ്വാസമാണ് ശക്തം ആരുടേത് ശക്തമല്ല എന്ന് ഉടനെ വ്യക്തമാകും.

അവരുടെ പരീക്ഷണം എത്ര നാളത്തേക്കായിരിക്കും എന്നും യേശു പറയുകയുണ്ടായി: "പത്തു ദിവസം നിങ്ങൾക്ക് ഉപദ്രവം ഉണ്ടാകും" (വാ. 10). വെളിപ്പാടിലെ "പത്ത്" എന്ന സംഖ്യ നാം കണ്ടു, അതു സൂചിപ്പിക്കുന്നത്, പൂർണ്ണത, തികവ്, അല്ലെങ്കിൽ ശക്തി എന്നിവയാണ്.[18] പത്തിന്റെ ഗുണനം (100 അല്ലെങ്കിൽ 1,000) അതിലും വലിയ പ്രാധാന്യം ഉള്ളതാണ്. എങ്ങനെയായാലും, വാക്യം 10-ൽ "പത്തിന്റെ" ഗുണനം വരുന്നില്ല. അത് തനിയെ നില്ക്കുകയാണ്. അതുകൊണ്ട് അതു പൂർണ്ണമായ (മനസിലാക്കാവുന്ന) ഉപദ്രവമാണ്, പക്ഷെ ആ ഉപദ്രവത്തിന് പരിമിതികളുണ്ട്.[19] യൂജിൻ പീറ്റേഴ്സന്റെ സമാന്തരപ്രയോഗം പറയുന്നു, "അത് അധികനാൾ നീണ്ടുപോകയില്ല."[20] ഒരു ദൈവമകന് എല്ലാ ഉപദ്രവവും താൽക്കാലികമായിരിക്കും (ഇയ്യോബ് 3:17), നിത്യതയുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാ ഉപദ്രവവും നൊടിനേരത്തേക്കേ ഉള്ളു (2 കൊരിന്ത്യർ 4:17; യാക്കൊബ് 4; 14).

വാക്യം 10 ന്റെ അവസാനം, വെളിപ്പാടിലെ ചില പരിചയമുള്ള വാക്കുകളോടുകൂടിയാണ് യേശു അവരുടെ പരീക്ഷണങ്ങളെ പറഞ്ഞ് അവസാനിപ്പിക്കുന്നത്: "മരണപര്യന്തം വിശ്വസ്തനായിരിക്ക എന്നാൽ ജീവകിരീടം ഞാൻ നിനക്ക് തരും" (വാ. 10). സന്ദർഭത്തിൽ, "മരണപര്യന്തം" എന്ന പ്രയോഗം അർത്ഥമാക്കുന്നത്, "*അതിനു മരിക്കേണ്ടി വന്നാൽ* പോലും" എന്നാണ്. ഏബിയിൽ "ഭക്തിയോടെ മരണപര്യന്തം വിശ്വസ്തരായിരിക്ക എന്നാണ് – [അതായത്] നീ അതിനുവേണ്ടി മരിക്കേണ്ടി വന്നാലും എന്നർത്ഥം."[21]

ആ ആളുകളെ അവരുടെ കുഴപ്പത്തിൽ*നിന്ന്* മോചിപ്പിക്കാമെന്ന് യേശു വാഗ്ദാനം ചെയ്തില്ല; മറിച്ച്, അവരുടെ കുഴപ്പത്തിൽ അവരെ സംരക്ഷിച്ചു*കൊണ്ടുവരും* എന്നാണ് പറഞ്ഞത്. വിശ്വസ്തരായ ദൈവമക്കൾക്ക് വിജയം ലഭിക്കുമെന്നാണ് വെളിപ്പാട് നമ്മെ പഠിപ്പിക്കുന്നത്, പക്ഷെ കഷ്ടത കൂടാതെയുള്ള ജയമല്ല വാഗ്ദാനം ചെയ്യുന്നത്. ക്രിസ്ത്യാനികൾ വിജയിക്കുമെന്ന് യേശു വാഗ്ദാനം ചെയ്തു, പക്ഷെ അവർ അതിനു മുൻപ് ആദ്യം മരിക്കണം!

ഈ പാഠത്തിന്റെ ആദ്യം ഞാൻ ചോദിച്ച ചോദ്യത്തിനുള്ള ഉത്തരത്തിന് നാം തയ്യാറായിരിക്കുന്നു: കർത്താവ് കുറ്റം വിധിക്കാതിരിപ്പാൻ, സ്മുർന്നയിലേയും ഫിലദെൽഫിയയിലേയും ഇടവകകളിൽ പൊതുവായി ഉണ്ടായിരുന്നതെന്താണ്? സ്മുർന്നയുടെ സാഹചര്യങ്ങൾ നാം ഇതുവരെയും പഠിച്ചത് മനസിൽ വെച്ചുകൊണ്ട്, നമുക്ക് ഫിലദെൽഫിയസഭയ്ക്ക് അയച്ച എഴുത്ത് പരിശോധിക്കാം:

> യെഹൂദരല്ലാതിരിക്കെ യെഹൂദരെന്ന് കളവായി പറയുന്ന ചിലരെ ഞാൻ സാത്താന്റെ പള്ളിയിൽനിന്ന് വരുത്തും - അവർ, നിന്റെ കാൽക്കൽ വന്നു നമസ്ക്കരിപ്പാനും ഞാൻ നിന്നെ സ്നേഹിച്ചു എന്ന് അറിവാനും സംഗതി വരുത്തും. സഹിഷ്ണുതയെ കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന്ന് ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാസമയത്ത് ഞാനും നിന്നെ കാക്കും (3:9, 10).

ആ ഇടവകകൾക്ക് പൊതുവായി ഉണ്ടായിരുന്നത് *ഉപദ്രവമായിരുന്നു* - വെറും ഉപദ്രവമായിരുന്നില്ല, പകയുള്ള യെഹൂദന്മാർ ആ ക്രിസ്ത്യാനികളെ ഏതെല്ലാം ക്രൂരമായ വിധത്തിൽ ഉപദ്രവിക്കാമോ ആ രീതിയിലെല്ലാം ഉപദ്രവിച്ചുകൊണ്ടാണിരുന്നത്.

ആ രണ്ട് ഇടവകൾക്കും നേരിട്ട ഉപദ്രവവും ആ രണ്ടു ഇടവകകളിലേയും അംഗങ്ങളിൽ ഭൂരിഭാഗം പേരെയും കർത്താവ് അംഗീകരിക്കുന്നതിലും തമ്മിൽ എന്തു ബന്ധമാണുണ്ടായിരുന്നത്? ഇതാണ് ബന്ധം: നിർജീവമായ കൊമ്പുകളെ മരത്തിൽനിന്ന് കാറ്റടിക്കുമ്പോൾ ഒടിച്ചു മാറ്റുന്നതുപോലെ, തീച്ചുള കിട്ടത്തെ അകറ്റുന്നതുപോലെ, ഉപദ്രവം സഭയെ ശുദ്ധീകരിച്ചുകൊണ്ടിരുന്നു. പരീക്ഷണസമയത്ത്, വാസ്തവത്തിൽ നീതിയുള്ളവരും, സ്വയം - നീതീകരിക്കുന്നവരും തമ്മിൽ വേർപിരിയും; ഭയമുള്ളവരും സമർപ്പിതരും തമ്മിൽ വേർപിരിയും; അര - മനസുള്ളവരും വിശ്വസ്തരും തമ്മിൽ വേർപിരിയും. ജി. കാമ്പെൽ മോർഗൺ ഒരിക്കൽ എഴുതി, "ഉപദ്രവിക്കപ്പെട്ട ക്രിസ്തുവിന്റെ സഭയാണ്, ശുദ്ധമായ ക്രിസ്തുവിന്റെ സഭ. [നേരെ മറിച്ച്] പോഷിപ്പിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിന്റെ സഭ, അശുദ്ധമായ ക്രിസ്തുവിന്റെ സഭയായിരിക്കും."[22]

ആർക്കും ഉപദ്രവം ഇഷ്ടമല്ല. പൗലൊസ് എഴുതി, "സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിന്ന് വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി പ്രാർത്ഥിക്കണം" (1 തിമൊഥെയൊസ് 2:1, 2). പിന്നെ അവൻ പറഞ്ഞു, "അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവുമാകുന്നു" (1 തിമൊഥെയൊസ് 2:3). അതേസമയം, സഭയ്ക്ക് ഏറ്റവും മോശമായ ഒന്നല്ല ഉപദ്രവം എന്ന് നാം മനസിലാക്കണം, അത് കർത്താവിന്റെ ശരീരത്തിന്റെ ശുദ്ധീകരണത്തിനാണ്.

പൗലൊസിന്റെ മറ്റൊരു പ്രസ്താവന നാം പരിഗണിക്കേണ്ടതാണ്: "എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസുള്ളവർക്ക് എല്ലാം ഉപദ്രവം *ഉണ്ടാകും*" (2 തിമൊഥെയൊസ് 3:12; എംഫസിസ് മൈൻ). സ്മുർന്നയിലെ ക്രിസ്ത്യനികളുടേതുപോലെ ആകണമെന്നില്ല നമ്മുടെ അഗ്നിപരീക്ഷകൾ, എന്നാൽ വിശ്വസ്തരായി ജീവിച്ചാൽ ഉപദ്രവമുണ്ടാകുമെന്നാണ് പൗലൊസ് മുന്നറിയിച്ചത്. നാൽപതു വർഷം മുൻപ്, ഞാൻ മുഴുവൻ - സമയ സുവിശേഷ വേലക്ക് ഇറങ്ങിയ സമയത്തെ ഓർമ്മയിലേക്ക് എന്നെ കൊണ്ടുപോകുന്നു. ഞങ്ങളുടെ അംഗങ്ങളിൽ ഒരാൾ ഒരു കമ്പനിയിലാണ് ജോലി ചെയ്തിരുന്നത്, അപ്പോൾ അയാളെ അയാളുടെ മനസാക്ഷിക്ക് വിരുദ്ധമായ പ്രവൃത്തികൾക്ക് നിർബ്ബന്ധിക്കുകയുണ്ടായി, പക്ഷെ അയാൾ അത് നിരസിച്ചുകൊണ്ടേയിരന്നു. തൽഫലമായി അയാൾക്ക് കിട്ടേണ്ട പല പ്രമോഷനുകളും നഷ്ടമായി. എങ്കിലും അയാൾ തന്റെ നിശ്ചയദാർഢ്യത്തിൽ

കർത്താവിനോട് വിശ്വസ്തനായി തന്നെ ഇപ്പോഴും ജീവിച്ചുകൊണ്ടിരിക്കുന്നു. അതേ പരീക്ഷണം നേരിട്ട മറ്റൊരംഗം ന്യായീകരിച്ച്കൊണ്ട് പറഞ്ഞു, "എന്റെ ജോലി നഷ്ടപ്പെടാതിരിക്കണമെങ്കിൽ അതെല്ലാം ചെയ്യണം, എന്റെ കുടുംബത്തെ ഞാൻ പോറ്റി പുലർത്തണമെന്നുതന്നെയാണ് ദൈവം ആഗ്രഹിക്കുന്നത്." അയാൾ സമ്മർദ്ദത്തിന് വഴങ്ങുകയും തന്റെ ജോലിയിൽ വിജയിക്കുകയും ചെയ്തു. എനിക്ക് അറിയാവുന്നേടത്തോളം അയാൾ കർത്താവിനോട് അവിശ്വസ്തതപുലർത്തിയാണ് ദീർഘവർഷം ജീവിച്ചത്.

സ്വയ - പരിശോധന അത്യാവശ്യമാണ്. നമ്മുടെ ജീവിതത്തിൽ ഉപദ്രവങ്ങളൊന്നും ഉണ്ടായതായി അറിയില്ലെങ്കിൽ, നിങ്ങൾ വിശ്വാസത്തിന് വിട്ടുവീഴ്ച്ച ചെയ്യുകയും, വിശ്വാസത്ത മറെക്കുകയുമായിരിക്കാം.

### ആശ്വാസം (2:11)

ആശ്വാസസന്ദേശത്തോടുകൂടിയാണ് എഴുത്ത് അവസാനിപ്പിക്കുന്നത് (വാ. 11). കുഴപ്പങ്ങൾ വരുവാനിരിക്കുന്നു എന്നു അറിയിക്കുവാൻ മാത്രമല്ല യേശു സ്മുർന്നയിലെ ക്രിസ്ത്യാനികൾക്ക് എഴുതിയത്, മറിച്ച്, അവരെ ആശ്വസിപ്പിച്ച് ശക്തിപ്പെടുത്താനും, തദ്വാരാ അവർ വിജയിക്കുമെന്നുകൂടിയാണ് അവൻ അറിയിച്ചത്.

യേശു അവർക്ക് വളരെയധികം ആശ്വാസം നൽകിക്കഴിഞ്ഞു. മരണത്തിന്മേൽ അധികാരമുള്ളവൻ താനാണെന്ന് അവരെ ബോധ്യപ്പെടുത്തി (2:8). ഫലത്തിൽ, അവൻ പറഞ്ഞു, "നിങ്ങളുടെ പ്രയാസങ്ങൾ ഞാൻ അറിയുകയും മനസിലാക്കുകയും ചെയ്യുന്നു" (2:9 നോക്കുക). അവരുടെ കഷ്ടതകൾ ചുരുങ്ങിയതാണെന്ന് അവൻ ഊന്നി പറഞ്ഞു (2:10).

ഒരു പ്രത്യേക വാഗ്ദാനം അവർക്ക് നൽകിയതെന്തെന്നാൽ, അവർ "മരണപര്യന്തം വിശ്വസ്തരായിരുന്നാൽ" അവൻ അവർക്ക് "ജീവകിരീടം നൽകും" (2:10).[23] "കിരീടം" എന്ന വാക്കിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് *സ്തെഫാനോസ്* എന്നാണ്. "കിരീടം" എന്ന വാക്കിനുള്ള മറ്റൊരു വാക്കിൽനിന്നാണ് നമുക്ക് *ഡയഡെം* എന്ന വാക്ക് കിട്ടിയിരിക്കുന്നത്, അത് സൂചിപ്പിക്കന്നത് രാജകീയ കിരീടം, അല്ലെങ്കിൽ വാഴുന്ന കിരീടം എന്നാണ്. അതിൽനിന്ന് വ്യത്യസ്തമായി, *സ്തെഫാനോസ്* സൂചിപ്പിക്കുന്നത് *വിജയ*കിരീടത്തെയാണ്. ആ വാക്ക് കായികമൽസരങ്ങളിൽ വിജയിക്കുന്നവരുടെ തലയിൽ അണിയിക്കുന്ന റീത്ത് ആണ്.[24] യേശുവിന്റെ വാഗ്ദാനത്തിൽ, കിരീടത്തോടുകൂടി *ജീവനും* ഉൾപ്പെടുന്നു - നിത്യജീവൻ. പെട്ടെന്ന് വാടിപ്പോകുന്ന കിരീടമായിരിക്കാം അന്യദേവന്മാരെ സേവിക്കുന്ന പുരോഹിതന്മാർക്ക് നൽകിയിരുന്നത്, എന്നാൽ വിശ്വസ്തരായ ക്രിസ്ത്യാനികൾക്ക് നൽകുന്നത് ഒരിക്കലും വാടാത്ത കിരീടമാണ്!



തീപ്പൊയ്ക
(20:14, 15; 21:8)

വാക്യം 11-ൽ, ഈ വാഗ്ദാനത്തോടുകൂടി യേശു തന്റെ ആശ്വാസവാക്കുകളെ ഉച്ചസ്ഥായിയിലെത്തിക്കുന്നു: "ജയിക്കുന്നവന്ന് രണ്ടാം മരണത്താൽ ദോഷം വരികയില്ല"[25] (വാ. 11; 20:6 നോക്കുക). "രണ്ടാം മരണം" എന്ന വാക്ക് ന

മ്മെ വെളിപ്പാടിന്റെ അവസാനഭാഗത്തേക്ക് നയിക്കുകയാണ്. ന്യായവിധിയെ യോഹന്നാൻ വെളിപ്പെടുത്തിയശേഷം പറഞ്ഞു, "മരണത്തേയും പാതാളത്തേയും തീപ്പൊയ്കയിൽ തള്ളിയിട്ടു. ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും" (20:14, 15; 21:8 നോക്കുക). "രണ്ടാം മരണം" ദൈവത്തിൽനിന്നുള്ള എന്നേക്കുമുള്ള വേർപാടായ നരകം തന്നെയാണ്![26]

സ്മുർന്നയിലെ ക്രിസ്ത്യാനികൾ വിശ്വാസത്തിനു വേണ്ടി മരിച്ചിരുന്നുവെങ്കിൽ, അവർക്ക് കുഴപ്പങ്ങൾ അനുഭവിക്കേണ്ടി വരികയില്ലായിരുന്നു, കാരണം യേശു അവരെ ഉയർപ്പിക്കുമെന്നതു തന്നെ. അവർ വിചാരപ്പെടേണ്ടിയിരുന്നത് രണ്ടാം മരണത്തെ കുറിച്ചായിരുന്നു (ലൂക്കൊസ് 12:4, 5 നോക്കുക). അവർ വിശ്വസ്തരായി നിലനിന്നാൽ അവർക്ക് "രണ്ടാം മരണത്താൽ ദോഷം സംഭവിക്കുമായിരുന്നില്ല" (വാ. 11)!

നമ്മുടെ വിശ്വാസം നിമിത്തം ജീവിതത്തിൽ ഒരിക്കലും ഭയപ്പെടേണ്ടി വന്നിട്ടില്ലാത്ത നമുക്ക് സ്മുർന്നയിലെ ക്രിസ്ത്യാനികളോട് യേശു പറഞ്ഞതിന്റെ അർത്ഥം മനസിലാക്കുവാനോ അഭിനന്ദിക്കുവാനോ കഴിഞ്ഞെന്നു വരികയില്ല. കഠിനമായ ഉപദ്രവം അനുഭവപ്പെട്ടുകൊണ്ടിരുന്നവർക്ക്, വെളിപ്പാടിൽ എഴുതിയ വാക്കുകൾ അവർക്ക് ലഭിക്കാവുന്ന ശക്തിയുടെ ഉറവിടം തന്നെയായിരുന്നു. ആ എഴുത്തുകൾ എത്രമാത്രം പ്രായോഗികമായിരുന്നുവെന്ന് (ഇപ്പോഴും ആണെന്ന്) ഊന്നി പറയുവാൻ, ആ ക്രിസ്ത്യാനികൾ കടന്നുപോയ സാഹചര്യം, പ്രത്യേകിച്ച് അവരുടെ അദ്ധ്യക്ഷനായിരുന്ന പോളികാർപ് നേരിടുവാനിരുന്നത് ചുരുക്കി വിവരിക്കട്ടെ.

യൂസേബിയസ്, എന്ന ആദ്യ സഭാ ചരിത്രകാരൻ, സ്മുർന്നയിലെ ക്രിസ്ത്യാനികളോട് പെരുമാറിയിരുന്നതെങ്ങനെ എന്ന് വിവരിക്കുന്നു:

> ... ചുറ്റും നില്ക്കുന്നവരെ അമ്പരപ്പിക്കുന്നവിധത്തിൽ, ചാട്ടവാറുകൊണ്ട് അടിച്ച് ശരീരത്തിലെ നാഡീവ്യൂഹങ്ങളെല്ലാം പൊട്ടി രക്തം ഒഴുകും. ശരീരത്തിനുള്ളിലെ ആന്തരികാവയവങ്ങൾ കാണത്തക്കവണ്ണം മാംസമെല്ലാം വേർപെടു ... മായിരുന്നു. പിന്നെ അവരെ കിടത്തുന്നത്, കടലിൽനിന്നു കിട്ടുന്ന കൊഞ്ചിന്റെ തോടുകളിലും, തറയിൽ തറച്ച മൂർച്ചയുള്ള കുന്തമുനയിന്മേലും ആയിരിക്കും. എല്ലാവിധ ശിക്ഷക്കും ദണ്ഡനത്തിനും ശേഷം, അവരെ അവസാനം വന്യമൃഗങ്ങൾക്ക് എറിഞ്ഞുകൊടുക്കും.[27]

ആ സമയത്ത്, വയോധികനായ പോളികാർപിനെ ഒളിച്ചു വെക്കുവാൻ ക്രിസ്ത്യാനികൾ ഒരുമ്പെട്ടു, പക്ഷെ ഒരു ബാലനെ അവർ പിടിച്ച് അടിച്ച് ആ വൃദ്ധൻ താമസിക്കുന്നത് എവിടെ എന്ന് പറയിപ്പിച്ചു. അവർ പോളികാർപിന്റെ അടുത്തെത്തിയപ്പോൾ, തന്നെ പിടിക്കുവാൻ വരുന്നവർക്കായി അവൻ ഒരു മേശ ഒരുക്കിയിരുന്നു, അവർ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ അവൻ പ്രാർത്ഥിച്ചു. അവസാനം, അവർ അവനെ രക്തദാഹികൾ നിറഞ്ഞ ഒരു സ്റ്റേഡിയത്തിലേക്ക് അവനെ കൊണ്ടുപോയി – അവരിൽ യെഹൂദന്മാരും – അവിടെ തടിച്ചുകൂടിയിരുന്നു.

ക്രിസ്തുവിനെ തള്ളിപ്പറയുവാൻ ദേശാധിപതി അവനെ നിർബ്ബന്ധിച്ചുകൊണ്ട് പറഞ്ഞു, "ക്രിസ്തുവിനെതിരായി ... ബുദ്ധിമാനായ

കൈസറിന്റെ നാമത്തിൽ പ്രതിജ്ഞ ചെയ്താൽ ഞാൻ നിന്നെ വിട്ടയക്കാം." അതിന് പോളികാർപ്പ് ചോദിച്ചു, "എൺപത്തി ആറു വർഷം ഞാൻ സേവിച്ചതും ഇന്ന് വരെ എനിക്ക് ഒരു ദോഷവും ചെയ്യാത്തതുമായ എന്റെ രക്ഷിതാവായ രാജാവിനെ എനിക്ക് എങ്ങനെ ദുഷിക്കുവാനും തള്ളിപ്പറയുവാനും കഴിയും?"

അവനെ വന്യമൃഗങ്ങൾക്കും തീയ്ക്കും ഇരയാക്കുമെന്ന് ദേശാധിപതി ഭീഷണിപ്പെടുത്തിയതിന് പോളികാർപ്പ് പറഞ്ഞു, "ഒരു നിമിഷത്തേക്ക് ഉണ്ടാകുന്നതും പിന്നെ അണയുന്നതുമായ തീയുടെ കാര്യം പറഞ്ഞ് നിങ്ങൾ എന്നെ ഭീഷണിപ്പെടുത്തുന്നു, വരുവാനുള്ള ന്യായവിധിയെ കുറിച്ച് നിങ്ങൾക്ക് ഒന്നും അറിയില്ല, അതിനുശേഷം, ദുഷ്ടന്മാർക്കുള്ള ശിക്ഷയാണ് നിത്യാഗ്നി. ഇനി താമസിക്കുന്നത് എന്തിന്, നിങ്ങൾ ആഗ്രഹിക്കുന്നത് കൊണ്ടു വരിക."

യെഹൂദന്മാരാൽ നയിക്കപ്പെട്ട് നിലവിളിച്ചുകൊണ്ടിരുന്ന പുരുഷാരം ആ പ്രായമായ ക്രിസ്ത്യാനിയെ കത്തിക്കുവാൻ വിറകിനായി ചിതറിപ്പോയി. അവനെ ജീവനോടെ ദഹിപ്പിക്കുവാനുള്ള ഏർപ്പാടുകൾ പൂർത്തിയായപ്പോൾ, അവർ അവനെ ഒരു മരത്തിൽ ആണി അടിക്കുവാനൊരുങ്ങിയപ്പോൾ, പോളികാർപ്പ് പറഞ്ഞു, "... തീ സഹിക്കുവാനുള്ള ശക്തി തരുന്നവന് ... വിറകുകൂമ്പാരത്തിൽ ഇളകാതെ കിടക്കുവാൻ എന്നെ ശക്തീകരിക്കുവാൻ കഴിയും." അവൻ ആ തടിക്കുചുറ്റുമായി, കൈകൾ പിന്നിലേക്ക് പിണച്ചുപിടിച്ചു. "ആമേൻ" പറഞ്ഞശേഷം, മരണശിക്ഷ നടപ്പാക്കുന്നവർ തീ കൊളുത്തി. "രണ്ടാം മരണത്തിന് ഒരു ദോഷവും തന്നിൽ വരുത്തുവാൻ കഴിയുകയില്ല" എന്ന് പോളികാർപ്പിന് ഉറപ്പുണ്ടായിരുന്നു.[28]

**ഉപസംഹാരം**

ഒരിക്കൽകൂടെ, നാം വ്യക്തിപരമായ പ്രായോഗികത വരുത്തുവാൻ യേശു ആഗ്രഹിക്കുന്നു. അവൻ തുടർന്നു പറയുന്നു, "ആത്മാവ് സഭകളോട് പറയുന്നത് കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ" (2:11). ഹെൻറി വാർഡ് ബീച്ചർ ഒരിക്കൽ പറഞ്ഞു, "ദേശത്തുള്ള സഭകളിലെല്ലാം കഷണ്ടി – ഉള്ള പ്രായമായ പാപികളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്, അവർക്ക് നേരെ ലഭിച്ച അസംഖ്യം പ്രസംഗങ്ങൾ കേട്ട് അവരുടെ മുടിയെല്ലാം കൊഴിഞ്ഞുപോകുകയും, കെട്ടതെല്ലാം പിന്നിലാക്കുകയും ചെയ്തു."[29]

ഓരോ ഇടവകയും വ്യക്തിപരമായ പ്രായോഗികത നടത്തണം. ക്രിസ്തുവിന്റെ നാമത്തിന് വേണ്ടി സമർപ്പിക്കപ്പെടുവാൻ *ഓരോരുത്തരെയും* സഭയിലെ അദ്ധ്യക്ഷന്മാർ പ്രോൽസാഹിപ്പിക്കണം. കൂടാതെ ഓരോ വ്യക്തികളും വ്യക്തിപരമായി പ്രായോഗികത വരുത്തണം. ഇതുപോലെയുള്ള ചോദ്യങ്ങൾ നാം ഓരോരുത്തരും ചോദിക്കണം: "ഞാൻ വാസ്തവത്തിൽ കർത്താവിനോട് വിശ്വസ്തനാണോ?"; "എന്റെ വിശ്വാസത്തിനുവേണ്ടി മരിക്കുവാൻ ഞാൻ തയ്യാറാണോ?"; "ഇന്ന് ഞാൻ മരിക്കുകയാണെങ്കിൽ എനിക്ക് ജീവകിരീടം ലഭിക്കുമോ?"

കാര്യപ്രസക്തമായവയിൽ നമുക്ക് ധനികരാകുവാൻ കഴിയുമെന്ന ഉത്തേജനമാണ് സ്മുർന്നക്കുള്ള എഴുത്തിൽ ഊന്നി പറഞ്ഞിരിക്കുന്നത്. ലോകത്തിന് എടുത്തുകളവാൻ കഴിയാത്ത സമ്പത്ത് നിങ്ങൾക്ക് വേണമെന്നുണ്ടെങ്കിൽ, *ഇന്നുതന്നെ* കർത്താവിനെ സേവിക്കുവാൻ തീരുമാനിക്കുക![30]

**ഉപദേഷ്ടാക്കന്മാർക്കും പ്രാസംഗികർക്കുമുള്ള കുറിപ്പുകൾ**

ലവൊദിക്യസഭയിൽനിന്നും ഈ ഇടവകയെ വ്യത്യസ്തമാക്കുവാൻ ഞാൻ തലവാചകം ഉപയോഗിച്ചിരിക്കുന്നത് "ധനികമായിരുന്ന ദരിദ്രസ'" എന്നാണ്. ("ദരിദ്രമായിരുന്ന ധനികസ'"). "മരണലക്ഷണത്തിലായിരുന്ന സഭ," അല്ലെങ്കിൽ "കഷ്ടതക്കായി ഒരുങ്ങുക," "കഷ്ടത ഞെരുക്കുമ്പോൾ," "കഷ്ടപ്പെടുന്ന വിശുദ്ധന്മാർ" എന്നീ തലവാചകങ്ങൾ എടുത്ത് പല ഉപദേഷ്ടാക്കന്മാരും സ്മുർന്നയിലെ കഷ്ടത ഉയർത്തി കാണിച്ചിട്ടുണ്ട്.

കഷ്ടത എന്ന വിഷയത്തെ അടിസ്ഥാനമാക്കി പാഠത്തെ രൂപപ്പെടുത്താം: (1) "കഷ്ടതയുടെ വില," (2) "എങ്ങനെ കഷ്ടപ്പെടാമെന്ന് ശീലിക്കൽ," രണ്ടാമത്തെ തലവാചകത്തിൽ, ആ വിഷയങ്ങളിൽ (വാക്യം 9 ൽനിന്നാണ് എല്ലാം) ചർച്ച ചെയ്യാവുന്നതാണ്: "ദുരവസ്ഥ എങ്ങനെ അതിജീവിക്കാം," ''ദാരിദ്ര്യത്തെ എങ്ങനെ മറി കടക്കാം,'' ''അപഖ്യാതിയെ എങ്ങനെ അതിജീവിക്കാം."

---

കുറിപ്പുകൾ

[1]ഇത് ഒരു അഭിപ്രായപ്രകടനത്തെ ഉദ്ദേശിച്ചുള്ളതല്ല, പക്ഷെ ഫലപ്രദമായ വിവരമാണ് (മത്തായി 7:16). [2]ഈ പുസ്തകത്തിൽ ആദ്യം വന്ന "ആസ്യയിലെ ഏഴ് സഭകളും പത്മൊസ് ദ്വീപും" എന്ന ഭൂപടം നോക്കുക. [3]ആ പട്ടണത്തിൽ ഇപ്പോഴും നല്ലൊരു ജനസംഖ്യയും യെഹൂദന്മാരാണ്. [4]ആ ഏഴ് പട്ടണങ്ങളിൽ പലതും ഇപ്പോഴും ടൗണുകളായി തന്നെ ഉണ്ടെങ്കിലും, സ്മുർന്ന/ഇസ്മിർ മാത്രമാണ് പ്രാധാന്യമർഹിക്കുന്ന പട്ടണം. [5]അഗോരായിൽനിന്നു കണ്ടെടുത്ത ബിംബങ്ങൾ ഇസ്മിരിലെ ഭൂഗർഭഗവേഷണവസ്തുക്കളുടെ മൂസിയത്തിലുണ്ട്. [6]ഈ - കാലത്തെ എഴുത്തുകാർ പോളികാർപിനെ "സ്മുർന്നയിലെ ബിഷപ്" എന്നാണ് വിളിക്കുന്നത്. എന്നാൽ സഭയുടെ പ്രാരംഭഘട്ടത്തിൽ സഭയെ നയിച്ചിരുന്നത് *ഒന്നിലധികം* മൂപ്പന്മാരായിരുന്നു, അവരെ ബിഷപ്പുമാർ അല്ലെങ്കിൽ പാസ്റ്റർമാർ എന്നും വിളിച്ചിരുന്നു (പ്രവൃത്തികൾ 20:17, 28). പോളികാർപ് സ്മുർന്ന സഭയിലെ മൂപ്പന്മാരിൽ ഒരാളായിരുന്നേക്കാം. [7]"ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു" എന്നു പറഞ്ഞുകൊണ്ടാണ് കെജെവിയിൽ ഓരോ എഴുത്തും ആരംഭിക്കുന്നത്. മൂലഗ്രന്ഥത്തിൽ ആ വാക്കുകൾ ചില എഴുത്തുകളുടെ മുഖ്യഭാഗം ആരംഭിക്കുമ്പോഴുണ്ട്, പക്ഷെ എല്ലാ എഴുത്തിലുമില്ല. [8]"ദാരിദ്ര്യം" എന്ന വാക്ക് ഗ്രീക്കിൽനിന്നു തർജിമ ചെയ്തിരിക്കുന്നത് അർത്ഥമാക്കുന്നത് "കഷ്ടിച്ച് ഉപജീവനം നടത്തുക'' എന്നതല്ല, ഉപജീവനത്തിനുപോലും ''ഒന്നുമില്ലാത്ത'' അവസ്ഥയാണ്. [9]പലപ്പോഴും ക്രിസ്ത്യാനികളുടെ സ്വത്തുക്കൾ കണ്ടുകെട്ടിയിരുന്നു, അവരുടെ സ്വത്ത് കൈവശം വെക്കുവാൻ അനുവദിച്ചാൽപോലും, ചന്തസ്ഥലത്ത് ക്രയവിക്രയം അനുവദിച്ചിരുന്നില്ല. [10]മത്തായി 5:10-12 നോക്കുക.

[11]യാക്കൊബ് 2:5 നോക്കുക. [12]"സാത്താൻ" എന്നത് പിശാചിന്റെ ഒരു പേരാണ്, അർത്ഥം "കുറ്റപ്പെടുത്തുന്നവൻ" എന്നാണ്. ക്രിസ്ത്യാനികളെ ദുഷിക്കുവാൻ തയ്യാറായവർ ആരംഭത്തിലെ ആരോപകനുവേണ്ടിയാണ് അത് ചെയ്തത്. [13]ഇന്നും ഭൗതിക യിസ്രായേൽ ദൈവത്തിന്റെ പ്രത്യേകജനമാണ് എന്നും അവരെ ദൈവം പ്രത്യേക താൽപര്യത്താൽ രക്ഷിക്കുമെന്നും ആണ് മിക്ക ആയിരാമാണ്ട് വാഴ്ച്ചക്കാരും വിശ്വസിക്കുന്നത്. എന്നാൽ പുതിയനിയമത്തിൽ ഭൗതികമായി അബ്രഹാമിന്റെ പി

ൻഗാമികൾക്ക് യാതൊരു പ്രത്യേകതയും നൽകുന്നില്ല. എന്നാൽ ദൈവത്തിന് ഇന്ന് പ്രത്യേകതയുള്ളത് *ആത്മീയ* യിസ്രായേലിനാണ്; അവർ ദൈവത്തിന്റെ പദ്ധതിയും ഉദ്ദേശവും സുവിശേഷം അനുസരിച്ചതിനാൽ സ്വീകരിച്ചവരാണ്. (ഗലാത്യർ 3:26–29.) ദൈവം എല്ലാ മനുഷ്യരേയും സ്നേഹിക്കുന്നതുപോലെയാണ് യെഹൂദന്മാരെയും സ്നേഹിക്കുന്നത്, ഇന്ന് അവൻ മറ്റുള്ളവരെ രക്ഷിക്കുന്നതിൽനിന്ന് വ്യത്യസ്തമായി അവരെ രക്ഷിക്കയില്ല (പ്രവൃത്തികൾ 10:34, 35); അവർ അവനെ വിശ്വസിക്കുകയും അനുസരിക്കുകയും വേണം (യോഹന്നാൻ 8:21; മത്തായി 7:13, 14). [14]തങ്ങൾ അബ്രഹാമിന്റെ സന്തതികളാണെന്ന് അവകാശപ്പെട്ട യെഹൂദന്മാരെ കുറിച്ച് യേശു പറഞ്ഞത് അവർ വാസ്തവത്തിൽ ആത്മിയമായി പിശാചിന്റെ സന്തതികൾ എന്നാണ് (യോഹന്നാൻ 8:39–47). [15]സാത്താന് "വെളിച്ചദൂതന്റെ വേഷത്തിൽ" വരുവാൻ കഴിയും (2 കൊരിന്ത്യർ 11:14). അവന് അവന്റേതായ പള്ളികളും സഭകളും, പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ട്. തന്റെ ഉദ്ദേശത്തിനായി അവന് തിരുവെഴുത്ത് ഉദ്ധരിക്കുവാനും കഴിയും (മത്തായി 4:6). അതുകൊണ്ട് "നാം ആത്മാവ് ദൈവത്തിൽനിന്നുള്ളവയോ അല്ലയോ എന്ന് പരിശോധിക്കണം" (1 യോഹന്നാൻ 4:1). [16]എൻഐവിയിൽ "സ്ലാന്റർ" എന്ന വാക്കാണ്. [17]കഷ്ടതയിൽ വില കാണുവാൻ കഴിയും. യാക്കൊബ് 1:2–4 ഉം 1 പത്രോസ് 1:6–9 ഉം വായിക്കുക. [18]ഈ പുസ്തകത്തിൽ ആദ്യം വന്ന "വെളിപ്പാടിൽ ഉപയോഗിച്ച ആലങ്കാരികസംഖ്യകൾ" എന്ന ചാർട്ട് നോക്കുക. [19]"പത്ത് ദിവസം" എന്നത് ആലങ്കാരികമായി വ്യാഖ്യാനിക്കുവാൻ കാരണം (1) ഏതൊരു ഉപദ്രവവും അക്ഷരികമായി, പത്തു ദിവസത്തോളം നീണ്ടുനിൽക്കുവാൻ സാധ്യതയില്ല, (2) ഏതൊരു ഉപദ്രവവും പത്തു ദിവസത്തേക്ക് *മാത്രം* ഉള്ളതായിരിക്കുവാൻ സാധ്യതയില്ല, (3) സംഖ്യകളെ പ്രത്യേകമായി പറഞ്ഞിട്ടില്ലെങ്കിൽ നാം അവയെ ആലങ്കാരികമായി വ്യാഖ്യാനിക്കണം. "പത്തു ദിവസം" എന്നത് ഒരു പ്രത്യേകമായ കാലയളവാണോ അല്ലയോ എന്നത് 2:10 ലെ സന്ദേശത്തെ ഒരിക്കലും ബാധിക്കുന്നതല്ല. ("പത്തു ദിവസത്തെ" സംബന്ധിച്ച് മറ്റൊരു കാഴ്ച്ചപ്പാടുണ്ട്: അത് വ്യക്തമാക്കുന്നത് പത്തു കാലഘട്ടത്തിലെ ഉപദ്രവത്തെയാണ് പക്ഷെ സന്ദർഭത്തിൽ ഈ വ്യാഖ്യാനത്തെ ന്യായീകരിക്കുന്ന ഒന്നുമില്ല.) [20]യൂജിൻ. എച്ച്. പീറ്റേഴ്സൺ, *ദ മെസേജ്: ന്യൂടെസ്റ്റമെന്റ് വിത്ത് സാംസ് ആന്റ് പ്രോവെർബ്സ്* (കൊളൊറാഡോ സ്പ്രിങ്ങ്സ്, കൊളൊ.: നവ് പ്രസ് പബ്ലിഷിങ്ങ് ഗ്രൂപ്, 1995), 611.

[21]ഓരോ സമയത്തും ആ വാക്കുകൾ ഞാൻ വായിക്കുമ്പോൾ ആദ്യ ക്രിസ്ത്യാനികൾക്ക് അനുഭവിക്കേണ്ടിവന്നതും എന്റെ ജീവിതത്തിൽ എനിക്കുണ്ടായ അസൗകര്യങ്ങളും തമ്മിൽ ചിലപ്പോൾ താരതമ്യം ചെയ്തിട്ടുണ്ട് - അപ്പോൾ ഞാൻ പരാതിപ്പെട്ടതിനെ ഓർത്ത് ലജ്ജിച്ചിട്ടുമുണ്ട്. 22 കോട്ടഡ് ഇൻ വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം, 2 (വീറ്റൺ Ill.: വിക്ടർ ബുക്സ്, 1989), 571. [23]ഏതാണ്ട് അതേപോലെയുള്ള പ്രസ്താവന നടത്തുന്ന വേദഭാഗമാണ്, യാക്കൊബ് 1:12; 1 കൊരിന്ത്യർ 9:25; 2 തിമൊഥെയൊസ് 4:8; 1 പത്രൊസ് 5:4 നോക്കുക. [24]*സ്തെഫാനൊസ്* കിരീടം മറ്റു സാഹചര്യങ്ങളിൽ ആദരിക്കുന്നതിനും ഉപയോഗിച്ചിട്ടുണ്ട്. [25]"നോട്ട്" എന്ന വാക്ക് അടിവരയിടുകയോ, വലിയ അക്ഷരത്തിലെഴുതുകയോ ചെയ്തിട്ടില്ലെങ്കിലും, "നോട്ട്" എന്ന വാക്കിന്റെ ശക്തി കൂട്ടുവാനായി, മുലഗ്രന്ഥത്തിൽ ഡബിൾ നെഗറ്റിവ് ആണ് ഉപയോഗിച്ചിരിക്കുന്നത്. ഫലത്തിൽ, യേശു പറഞ്ഞത്, "ജയിക്കുന്നവന്ന് *തീർച്ചയായും* ദോഷം വരികയില്ല എന്നാണ് ...". [26]മരണത്തെ "വേർപാട്" എന്ന വാക്ക് കൊണ്ട് നിർവ്വചിക്കാവുന്നതാണ്; ഭൗതികമായ മരണത്തിൽ ആത്മാവും ശരീരവും തമ്മിലുള്ള വേർപാട് സംഭവിക്കുന്നു (യാക്കൊബ് 2:26). പാപം നിമിത്തം ദൈവവും മനുഷ്യരും തമ്മിൽ സംഭവിക്കുന്ന

വേർപാടാണ് ആത്മിയമരണം (യെശയ്യാവ് 59:1, 2). രണ്ടാം മരണം ദൈവത്തിൽനിന്നുള്ള നിത്യമായ വേർപാടാണ് (2 തെസലൊനിക്യർ 1:9). [27]യൂസേബിയസ് *എക്ലേഷിയാസ്റ്റിക്കൽ ഹിസ്റ്ററി,* 3.15. [28]ഇബിഡ്. [29]ക്വോട്ടഡ് ഇൻ വില്യം ബാർക്ലേ, *ലെറ്റേഴ്സ് ടു ദ സെവെൻ ചർച്ചസ്* (ഫിലദെൽഫിയ വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1957), 28. [30]ഈ പാഠം ഒരു പ്രസംഗമായി ഉപയോഗിക്കുകയാണെങ്കിൽ, അവിശ്വസ്തരായി തീർന്ന ക്രിസ്ത്യാനികളെ യഥാസ്ഥാനപ്പെടുവാൻ പ്രോൽസാഹിപ്പിക്കുക (ഗലാത്യർ 6:1 ; പ്രവൃത്തികൾ 8:22; യാക്കൊബ് 5:16), പാപത്തിൽ ജീവിക്കുന്നവരെ സ്നാനപ്പെടുവാനും ഉൽസാഹിപ്പിക്കുക (മർക്കൊസ് 16:15, 16). (ദൈവത്തിന്റെ ഉടമ്പടിയുമായി ബന്ധപ്പെടാത്തയാളുകളാണ് പാപത്തിൽ ജീവിക്കുന്നവർ [എഫെസ്യർ 2:12, 19] - മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ക്രിസ്ത്യാനിയായി തീരാത്തവർ.)

---

## പുനരവലോകനത്തിനും ചർച്ചക്കുമുള്ള ചോദ്യങ്ങൾ

1. ഏഴ് ഇടവകകളിൽ രണ്ടെണ്ണത്തിൽ കുറ്റമൊന്നും വിധിക്കാതിരുന്നതിൽ നിങ്ങൾക്ക് ആശ്ചര്യമുണ്ടോ? നിങ്ങൾ ആരാധിക്കുകയും വേല ചെയ്യുകയും ചെയ്യുന്ന ഇടവകക്ക് യേശു ഒരെഴുത്ത് എഴുതുകയാ ണെങ്കിൽ എന്തെങ്കിലും ശാസന പ്രതീക്ഷിക്കാമോ?
2. സ്മുർന്ന സഭയെക്കുറിച്ച് നമുക്ക് എന്തറിയാം? ആരംഭ എഴുത്തുകാർ പറയുന്നതനുസരിച്ച് ആരായിരുന്നു അവരുടെ അദ്ധ്യക്ഷൻ?
3. "പരീക്ഷണം" എന്ന വാക്കിന്റെ അർത്ഥം എന്ത്? ജീവിതത്തിൽ നമ്മെ എല്ലാം "താഴേക്ക് മെതിക്കുവാനുള്ള" വഴികൾ ഏവ?
4. ധനവാന്മാരേക്കാൾ വേഗം സുവിശേഷമനുസരിക്കുന്നത് ദരിദ്രരാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? എന്തുകൊണ്ട്?
5. എന്തുകൊണ്ടാണ് പാഠത്തിന് "ധനികമായിരുന്ന ദരിദ്രസ' " എന്ന് തലവാ ചകം കൊടുപ്പാൻ കാരണം? ആ അർത്ഥത്തിൽ സ്മുർന്നയിലെ സഭ ധനികമായിരുന്നോ? നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെങ്കിൽ ധനികനാണെന്ന് തോന്നുന്നുണ്ടോ?
6. ജീവിതത്തിൽ ആവശ്യങ്ങൾക്ക് പണം വേണമെന്ന് നാമെല്ലാം സമ്മതി ക്കും. എങ്ങനെയായാലും, അപ്പോഴും ഏറ്റവും മുഖ്യമായത് പണം കൊടുത്തുവാങ്ങുവാൻ സാധ്യമല്ല എന്നത് വാസ്തവമാണോ?
7. യെഹൂദന്മാരല്ലാതിരുന്നിട്ടും യെഹൂദന്മാരെന്ന് അവകാശപ്പെട്ടവർ ആരായിരുന്നു? ഇപ്പോഴും ജഡപ്രകാരമുള്ള യെഹൂദന്മാർ ദൈവത്തിന്റെ പ്രത്യേകജനമാണോ?
8. "സാത്താന്റെ പള്ളി" എന്നാലെന്ത്? പിശാച് ചിലപ്പോൾ മതപരമായ ആളുകളിലും പ്രവർത്തിക്കുമോ?
9. "ദൂഷണം" എന്ന വാക്കിന്റെ അർത്ഥമെന്ത്? നിങ്ങൾ ക്രിസ്ത്യാനി ആയതുകൊണ്ട് എപ്പോഴെങ്കിലും നിങ്ങൾ ദുഷിക്കപ്പെട്ടിട്ടുണ്ടോ?
10. പാഠമനുസരിച്ച്, "പത്തുദിവസം" (മാത്രം) ഉപദ്രവം എന്നതിന്റെ പ്രാധാന്യമെന്താണ്?
11. "മരണപര്യന്തം വിശ്വസ്തരായിരിക്കുക" എന്നതിന്റെ പൂർണ്ണമായ അർത്ഥം എന്ത്? നമുക്ക് രക്തസാക്ഷിത്വം നേരിടാതെ മരിക്കേണ്ടി വന്നാലും, മരണത്തോളം വിശ്വസ്തരായിരിക്കുന്നത്, പ്രാധാന്യമർ

ഹിക്കുന്നതാണോ?

12. സ്മുർന്നയിലേയും ഫിലദെൽഫിയയിലേയും സഭകളിൽ എന്താണ് പൊതുവായി ഉണ്ടായിരുന്നത്? അത് അവരെ കുറ്റംവിധിക്കാതിരിപ്പാൻ എങ്ങനെ കാരണമായി? സഭയ്ക്ക് ഉപദ്രവം ഉണ്ടാകുന്നത് എന്തു സ്വാധീന മാണ് ചെലുത്തുന്നത്?
13. ഉപദ്രവത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ പൗലൊസ് പറഞ്ഞോ? 1 തിമൊഥെയൊസ് 2:1–3–ൽ, എന്തിനുവേണ്ടി പ്രാർത്ഥിക്കുവാനാണ് അവൻ പറഞ്ഞത്? ഉപദ്രവം വരുമ്പോൾ, നമ്മുടെ മനോഭാവം എന്തായിരിക്കണം?
14. 2 തിമൊഥെയൊസ് 3:12 അനുസരിച്ച്, നമുക്ക് ഉപദ്രവമുണ്ടായിട്ടില്ലെങ്കിൽ അതെന്താണ് സൂചിപ്പിക്കുന്നത്?
15. എന്താണ് രണ്ടാം മരണം? അപ്പോൾ “ഒന്നാം മരണം” എന്താണ്? നാം ഒന്നാം മരണത്തേക്കാൾ രണ്ടാം മരണത്തെ ഭയപ്പെടുന്നത് എന്തുകൊണ്ട്?